# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 816** **02.12.2015 ലെ മറുപടിക്ക്**

## പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര മെഡിക്കൽ കോളേജുകളാണ് ആരംഭിക്കാൻ തീരുമാനിച്ചതെന്ന് വിശദമാക്കുമോ; | (എ)ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചു. |
| (ബി) ഇതിനായി ആകെ എത്ര തുക നീക്കി വെച്ചെന്ന് വെളിപ്പെടുത്തുമോ; | ബി) പുതിയ മെഡിക്കൽ കോളേജുകളുടെ രൂപീകരിണത്തിനായി നാളിതുവരെ 1,64,97,00,000/- രൂപ (നൂറ്റി അറുപത്തി നാല് കോടി തൊണ്ണൂറ്റേഴ് ലക്ഷം രൂപ മാത്രം) നീക്കിവച്ചിട്ടുണ്ട്. |
| (സി) ഇതിനകം എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചെന്നും ഓരോ മെഡിക്കൽ കോളേജിന്റെയും പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | (സി) ഇതിനോടകം മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും, തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത വകയിൽ ഇതിനകം എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കുമോ? | (ഡി) 1,10,25,558,19/- രൂപ (നൂറ്റിപ്പത്തു കോടി ഇരുപത്തഞ്ചു ലക്ഷത്തി അമ്പത്തയ്യാ യിരത്തി എണ്ണൂറ്റി പത്തൊമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ